(സി) സംസ്ഥാന സർക്കാർ ഇതിനായി തുക നീക്കിവച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് 33 കോടി രൂപ അധിക കേന്ദ്ര സഹായമായി നൽകിയിട്ടുണ്ട്. 31-3-2004 വരെ 8.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2006 മാർച്ച് 31-ന് പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. അധിക കേന്ദ്ര സഹായമായി സംസ്ഥാന സർക്കാരിന് 33 കോടി രൂപ നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

*11 [10] *ഡോ. കെ. സി. ജോസഫ്:*

ശ്രീ. കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനു മുൻപ് ജില്ലാ ബ്ലോക്ക് ഡിവിഷനുകളുടെയും ഗ്രാമപഞ്ചായത്ത് വാർഡുകളുടെയും കോർപ്പറേഷൻ/ മുനിസിപ്പൽ വാർഡുകളുടെയും വിഭജനം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ തെരഞ്ഞെടുപ്പു കമ്മീഷൻ ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അടുത്ത തെരഞ്ഞെടുപ്പിന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) & (ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മിറ്റി, വാർഡ് വിഭജനം, എന്യൂമറേഷൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് പഠിക്കാൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) & (ഡി) ഉണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതു തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ട സ്ഥാനങ്ങളുടെ എണ്ണവും സംവരണ സ്ഥാനങ്ങളുടെ എണ്ണവും അടിയന്തിരമായി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുക.

2. വീടുവീടാന്തിരം കയറി എന്യൂമറേഷൻ നടത്തി വോട്ടർ പട്ടിക തയ്യാറാക്കുക.

3. ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും കുറഞ്ഞ ജനസംഖ്യ പതിനായിരമായും പരമാവധി 20,000 ആയും നിശ്ചയിക്കുക. ഓരോ നിയോജക മണ്ഡലത്തിലെ ജനസംഖ്യ 1000-ൽ താഴെയായി വരത്തക്കവിധം നിയോജക മണ്ഡലങ്ങൾ നിശ്ചയിക്കുക.

4. സംസ്ഥാനത്തെ ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കുക.

5. സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ആൾ ആ വാർഡിലെ തന്നെ വോട്ടർ ആയിരിക്കണമെന്നത് നിയമഭേദഗതിയിലൂടെ നടപ്പിൽ വരുത്തുക.

6. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ/ മുനിസിപ്പൽ/കോർപ്പറേഷൻ മേയർ എന്നിവരെ നേരിട്ട് തിരഞ്ഞെടുക്കുന്ന രീതി നിയമഭേദഗതിമൂലം നടപ്പിൽ വരുത്തുക.

7. കാലാവധി പൂർത്തിയാക്കാതെ രാജിവയ്ക്കുന്ന കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരിൽ നിന്നും ഉപതെരഞ്ഞെടുപ്പിന്റെ ചെലവ് ഈടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുക. ഇലക്ഷൻ കമ്മീഷൻ ചെയർമാനായും പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പൽ ഡയറക്ടറും അംഗങ്ങളായും ഒരു ഡി-ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുക എന്നിവയാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly